രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം

നം.കെ.എസ്.എ.ഐ.ഡി.കെ.14/1612/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ,തിയതി:26.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
മൂന്നാർ ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം :-മൂന്നാർ ഗ്രാമ പഞ്ചായത്ത്-2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളി ലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്,
1.ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരി പത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ.ഐ.ഡി.കെ.14/1612/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ,തിയതി:26.12.2016

# ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.5.2016 മുതൽ 17.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുത്തിയിട്ടുണ്ട്. 6 അന്വേഷണ കുറിപ്പ് നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ). ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2016മുതൽ 25.10.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.വിനോദ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.ബി.ബാബുരാജ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.എം.മണിമൊഴി | 1.4.2015 മുതൽ 31.10.15 വരെ |
| | കാര്യനിർവ്വഹണ കമ്മിറ്റി | 1.11.2015 മുതൽ 11.11.15 വരെ |
| | ശ്രീ,കറുപ്പ് സ്വാമി | 12.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.ജെ.മധുസൂദനൻ ഉണ്ണിത്താൻ | 1.4.2015 മുതൽ 31.3.2016വരെ |
| അസി.സെക്രട്ടറി | ശ്രീ.എസ്.എൻ.അജിത് | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ.എൻ.എ.വിജയദാസ് | 1.4.2015 മുതൽ 17.5.2015 വരെ |
| | ശ്രീ.പി.ആർ.സുഗതൻ | 18.5.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.അന്നമ്മ ഐപ്പ് | 1.4.2015 മുതൽ 31.8.2015 വരെ |
| | ശ്രീമതി.ടി.ജി.തുളസി | 1.9.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അർച്ചന എസ്.പി | 1.4.2015മുതൽ 6.4.2015വരെ |
| | ഡോ.ആഷാ ബാബു | 7.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ശ്രീജൻ എസ്.ഡി | 1.4.2015മുതൽ31.3.2016വരെ |

<u>ഉള്ളടക്കം.</u>


| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| 1 | 1-1 | ബജറ്റ്. |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം. |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ |
| ഭാഗം.2.വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ് മുറികളുടെ വാടക കുടിശ്ശിക സംബന്ധിച്ച് |
| 14 | 2-2 | തൊഴിൽ നികുതി ഈടാക്കാത്ത് സംബന്ധിച്ച് |
| 15 | 2-3 | കെട്ടിട നികുതി നിർണ്ണയം അപാകത സംബന്ധിച്ച് |
| ഭാഗം.3.ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി നടത്തി പ്പിൽ ഗുരുതരമായ ക്രമക്കേടുകൾ |
| 17 | 3-2 | നിയമാനുസൃതമല്ലാതെ മരാമത്ത് വേലകൾ നടത്തിയത്. |
| 18 | 3-3 | ഖരമാലിന്യ നിർമ്മാർജനത്തിന് സമാന്തര പദ്ധതി ഏറ്റെടു ത്തു. |

| | | |
|---|---|---|
| 19 | 3-4 | ഖരമാലിന്യ സംസ്കരണം –ടിപ്പർ ലോറി അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു. |
| 20 | 3-5 | ഫർണീച്ചർ വാങ്ങൽ-വിതരണ ഏജൻസി സാധനങ്ങൾ ലഭ്യ മാക്കിയില്ല. |
| 21 | 3-6 | നല്ലതണ്ണിയാർ ശുചീകരണം-വ്യവസ്ഥകൾ പാലിക്കാതെ ചെലവ്. |
| 22 | 3-7 | പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വിനിയോഗിച്ചില്ല. |
| 23 | 3-8 | ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി -മുടങ്ങിപ്പോയ ഗൃഹ നിർമ്മാണം പൂർത്തീകരിക്കാൻ പദ്ധതിയില്ല. |
| 24 | 3-9 | ആശ്രയ പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല. |
| 25 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പ / വായ്പാ തിരിച്ചടവ്. |
| 29 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. |
| 30 | 4-6 | ഓഡിറ്റ് റിക്കവറി. |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 32 | 4-8 | ഓഡിറ്റ് പ്രത്യവലോകനം. |
| 33 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു കൾ |
| 34 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തിയതി | ബജറ്റ് പുതുക്കിയ തിയതി |
|---|---|
| 3.3.2015 | പുതുക്കിയില്ല |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2016 | 1.6.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 3,07,46,198.06 |
| വരവ് | 11,50,59,482.00 |
| ആകെ | 14,58,05,680.06 |
| ചെലവ് | 14,00,71,599.06 |
| നീക്കിയിരിപ്പ് | 57,34,081.06 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 39,71,942 | 9260228 | 13232170 | 17196737 | 3964567 | 0 |
| വികസന ഫണ്ട് എസ്.സി.പി | 82,94,925 | 30098176 | 38393101 | 38393101 | 0 | 0 |
| വികസന ഫണ്ട് ടി.എസ്.പി | 1667831 | 1288441 | 2956272 | 1784541 | 1171731 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 12083 | 2449438 | 2461521 | 893656 | 1567865 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 2829212 | 2449438 | 5278650 | 5278650 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4581518 | 6755295 | 11336813 | 8539342 | 2797471 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 20665 | 20625 | 41290 | 20625 | 20665 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരംചുവടെ ചേ ർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 121313678 | 134 | 82576672 | 6 | 81 | 61 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 6 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 13138796 | 11966345 | 1172451 | -9 |
| നികുതിയേതര വരവുകൾ | 1976302 | 2300153 | 323851 | 16 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ (ഇനം തിരിച്ച്)-പലിശ | 651600 | 555074 | 96526 | -15 |
| അകെ | 15766698 | 14821572 | 945126 | -6 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 11084040 | 2212 |
| 2 | വികലാംഗ പെൻഷൻ | 1608805 | 972 |
| 34 | വിധവ പെൻഷൻ | 5309160 | 2918 |

## 1-9 കാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 18.10.2016-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹23,985/-യുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/2016 | 25.7.2016 മുതൽ 27.7.2016 വരെ | 15.9.2016 |
| അക്കൌണ്ടന്റ് ജനറൽ | 2009-10 മുതൽ 2014-15 വരെ | 24.4.2014 മുതൽ 8.5.2014 വരെ | 9.7.2014 |

## 1-11 വാർഷിക കണക്ക് അപാകത.

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :-

- വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാലും, വസ്തുനികുതി കമ്പ്യൂട്ടറൈസേഷനുള്ള സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാലും വാർഷിക കണക്കിലെ വസ്തുനികുതി തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

- ഇല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക- കുടിശിക ഈടാക്കിയില്ല.

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് വക വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെപ്പറയുന്ന കടമുറികളുടെ വാടക ഇനത്തിൽ കുടിശികയുള്ളതായി കാണുന്നു.

| ക്രമ നം | മുറി നം | | വാടകക്കാരന്റെ പേര് | മാസ വാടക₹ | കുടിശിക കാലയളവ് | വാടക കുടിശിക₹ |
|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | 7 | ചെല്ലദുരൈ,ന്യൂ കോളനി | 422 | 4/15-3/16 | 5064 |
| 2 | | 16 | പളനിസ്വാമി,6 റൂംലെയ്ൻ | 422 | 3/16 | 422 |
| 3 | തലയാർഷോപ്പിംഗ് കോംപ്ലക്സ് | 1 | നാഗേന്ദ്രൻ,കടമക്കുടി ഡിവിഷൻ,തലയാർ | 712 | 4/15-3/16 | 8544 |
| 4 | | 4 | എം.ദുരൈ,കടമക്കുടി ഡിവിഷൻ,തലയാർ | 719 | 4/15-3/16 | 8628 |
| 5 | | 8 | മുത്തുമണി,തലയാർ ഡിവിഷൻ | 727 | 4/15-3/16 | 8724 |
| 6 | | 9 | റ്റി.മുത്തയ്യ,കടമക്കുടി ഡിവിഷൻ,തലയാർ | 712 | 4/15-3/16 | 8544 |
| 7 | ബങ്ക് ഷോപ്പ് | 4 | എം.പ്രകാശ്, നാഗർമുടി ഡിവിഷൻ | 987 | 3/16 | 987 |
| 8 | മിനി ഷോപ്പിംഗ് കോംപ്ലക്സ് | 8 | മാരിമുത്തു s/o പരമശിവം | 214 | 4/15-3/16 | 2568 |
| 9 | വെയിറ്റിംഗ് ഷെഡ് | 3 | പ്രേമ,മിഡിൽ ഡിവിഷൻ | 294 | 7/15-3/16 | 2646 |
| 10 | കോളനിഷോപ്പിംഗ് കോംപ്ലക്സ് | 1 | ദിനകരൻ,സത്യഭവൻ | 1544 | 4/15-3/16 | 18528 |
| 11 | | 2 | സി.നെൽസൺ,ന്യൂ കോളനി | 1921 | 4/15-3/16 | 23052 |
| 12 | | 3 | പോസ്റ്റ് മാസ്റ്റർ | 133 | 4/15-3/16 | 1596 |
| | ആകെ | | | | | 89303 |

മേൽപ്പറഞ്ഞ വാടകക്കാരിൽ നിന്നും കുടിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയില്ല

2015-16 വർഷത്തെ തൊഴിൽനികുതി (ജീവനക്കാരുടെ) രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|---|
| 1 | 1 | മാനേജർ,ഗുണ്ടുമല എസ്റ്റേറ്റ് | 2 |
| 2 | 21 | മാനേജർ,എലിസിയം ഗാർഡൻസ് | 2 |
| 3 | 23 | ഐസക്ക് റസിഡൻസി,മൂന്നാർ | 2 |
| 4 | 31 | ബി.ഡി.ഒ ദേവികുളം(വി.ഇ.ഒ) | 2 |
| 5 | 37 | ഗവ.എച്ച്.എസ്,വാഗുവരെ | 2 |
| 6 | 44 | കെ.ഡി.എച്ച് ക്ലബ്ബ്, മൂന്നാർ | 2 |
| 7 | 47 | ഗവ.എച്ച്.എസ്.എസ്,വാഗുവരെ | 2 |
| 8 | 48 | ബി.ആർ.സി,മൂന്നാർ | 2 |
| 9 | 75 | അസി.എക്സി.എഞ്ചിനിയർ,KWA | 2 |
| 10 | 87 | ഹിൽടോപ്പ് ലോഡ്ജ്,മൂന്നാർ | 2 |
| 11 | 100 | അസി.വൈൽഡ് ലൈഫ് വാർഡൻ,ഇരവികുളം | 2 |
| 12 | 113 | റ്റാറ്റാ ബിസിനസ്സ് സപ്പോർട്ട് സർവ്വീസസ് | 2 |
| 13 | 123 | അരുൺ ഹോസ്പിറ്റൽ | 2 |

കൂടാതെ സൗത്ത് ഇൻഡ്യൻ ബാങ്ക്,കൊശമറ്റം ഫിനാൻസ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മൂന്നാർ ടൗണിൽ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടേതര-വാണിജ്യം/വ്യവസായം/ ഓഫീസ് തുടങ്ങിയ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് (സ്ഥാപന/ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കേരള പഞ്ചായത്ത് രാജ് നിയമം 205 ബി മുതൽ എഫ് വരെയും തൊഴിൽനികുതി ചട്ടം 10,13 എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .2) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-3 കെട്ടിട ഉപയോഗത്തിന്റെ അടിസ്ഥാനത്തിലും യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും വസ്തുനികുതി നിർണ്ണയിച്ചില്ല

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകളിൽ ചിലത് Random selection നടത്തി അവയുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ/സ്ഥാപനത്തിന്റെ പേര് | അപേക്ഷപ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | അപാകത |
|---|---|---|---|
| 82 | ഡോ.കെ.റോയി ഹോട്ടൽ സി-7 | ഹോട്ടൽ & ലോഡ്ജിംഗ് | ഹോട്ടൽ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 358 | സിജു യോഹന്നാൻ, ഗ്രീൻ ലീഫ് റെസ്റ്റോറന്റ് | റെസ്റ്റോറന്റ് | റെസ്റ്റോറന്റ് ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റെസ്റ്റോറണ്ടുകൾ എന്നിവയുടെ വസ്തുനികുതി നിരക്ക് ₹70/-യും തറ വിസ്തീർണ്ണ വ്യത്യാസമില്ലാതെ ലോഡ്ജിന്റെ വസ്തുനികുതി നിരക്ക് ₹40/- യും ആണ് നിശ്ചയിച്ചിട്ടുള്ളത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ നികുതി നിർണ്ണയിക്കപ്പെട്ടത് മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 23-11-2015 മുതൽ 28-11-2015 വരെ നടത്തിയ പ്രത്യേക ഓഡിറ്റ് സമയത്ത് നടത്തിയ ഭൗതിക പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ 11 സ്ഥാപനങ്ങളുടെ തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വസ്തുനികുതി ഇനത്തിൽ ₹714249/-യുടെ നഷ്ടം കണക്കാക്കിയിരുന്നു. 2014-15ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 ലും ഈ വിഷയം പരാമർശിച്ചിരുന്നു. ഭൗതിക പരിശോധന നടത്തിയ 11 സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ തന്നെ ഇത്ര ഗണ്യമായ നഷ്ടം കണക്കാക്കിയപ്പോൾ പഞ്ചായത്തിലെ ആകെ വസ്തുനികുതി നിർണ്ണയത്തിലുള്ള യഥാർത്ഥ നഷ്ടം എത്രയോ അധികമായിരിക്കും എന്ന് അനുമാനിക്കാവുന്നതാണ്.

ആയതിനാൽ തറ വിസ്തീർണ്ണം അധികമുള്ള പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെൻറ് പദ്ധതി- പ്രോജക്ട് നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ-തടസ്സം ₹1,03,71,469/-

കേരളത്തിന്റെ വിനോദ സഞ്ചാരഭൂപടത്തിൽ ഏറെ പ്രാധാന്യമുള്ള നാമമാണ് മൂന്നാറിനുള്ളത്. സ്വദേശികളും വിദേശികളുമായ ആയിരക്കണക്കിനു സഞ്ചാരികളാണ് ഓരോ വർഷവും മൂന്നാർ സന്ദർശിക്കുന്നത്. ഇവരെ പ്രതീക്ഷിച്ച് നിർമ്മിച്ചിട്ടുള്ള റിസോർട്ടുകൾ, ഹോം സ്റ്റേകൾ, ഹോട്ടലുകൾ തുടങ്ങിയവ അനുദിനം പുറന്തള്ളുന്ന മാലിന്യത്തിന്റെ അളവും സ്വാഭാവികമായും വർദ്ധിച്ചു. തൻമൂലം ഇതു ഫലപ്രദമായി നീക്കം ചെയ്തു സംസ്കരിക്കുന്നതിനു നിലവിലുള്ള സംവിധാനം പര്യാപ്തമാകാതെ വന്നു. തദവസരത്തിലാണ് ഖരമാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് പ്രത്യേക പ്രോജക്ടിന് രൂപം നൽകാൻ തീരുമാനിച്ചത്. ഇതുപ്രകാരം 2014-15-ൽ 1.1കോടി വകയിരുത്തിയ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിരുന്നു. 11.9.2014 വരെ തിരുവനന്തപുരത്തുള്ള W.Tech എന്ന സ്ഥാപനവും തുടർന്ന് 25.11.2014 മുതൽ 31.8.2016 വരെ കുഞ്ചിത്തണ്ണിയിലുള്ള ഗ്രീൻ എർത്ത് ടെക്നോളജീസ് എന്ന സ്ഥാപനവുമായിരുന്നു മാലിന്യ നിർമ്മാർജന പദ്ധതി നടപ്പാക്കിയിരുന്നത്. പ്രസ്തുത പ്രോജക്ടിന്റെ 2014-15ലെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ടി വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3-4 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക. സ്ഥാപനത്തിന്റെ കരാർ കാലയളവ് 2015-16 സാമ്പത്തികവർഷവും തുടർന്നു. പ്രോജക്ടിന്റെ തൻവർഷ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.(പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ളത്)

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 89,00,000 |
| ഗുണഭോക്തൃവിഹിതം | 10,00,000 |
| ആകെ | 99,00,000 |

ഇതിനുവേണ്ടി വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം | വകയിരുത്തിയ തുക | ഫണ്ട് |
|---|---|---|---|
| 1 | എസ് 097/16 | 5000000 | വികസനഫണ്ട് പൊതുവിഭാഗം |
| 2 | എസ് 219/16 | 766742 | ധനകാര്യകമ്മീഷൻ |
| 3 | എസ് 253/16 | 1969850 | വികസനഫണ്ട് എസ് സി പി |
| | ആകെ | 7736592 | |

2015-16-ൽ തുടർന്ന ഖരമാലിന്യസംസ്കരണപദ്ധതിയുടെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് ഖരമാലിന്യനിർമാർജ്ജനം.(1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പിനു കീഴിലുള്ള 3-ാംപട്ടികയിലെ 6-ാമത്തെ ഇനം.).ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്തിൽ പത്തു ഫുൾടൈം സ്വീപ്പർമാരുടെ തസ്തികകൾ നിലവിലുണ്ട്. ഇവരോടൊപ്പം, നഗരസഭകളിലും വലിയ ഗ്രാമപഞ്ചായത്തുകളിലും നടന്നുവരുന്നതുപോലെ ആവശ്യമായ താത്ക്കാലിക തൊഴിലാളികളുടെ സേവനം സ്വീകരിച്ച് ഖരമാലിന്യസംസ്കരണം നടത്തുന്നതിനുപകരം ഇടനിലക്കാരെ ചുമതല ഏൽപ്പിച്ച് അധികൃതർ കർത്തവ്യത്തിൽ നിന്ന് ഒഴിയുകയാണ് ചെയ്തത്. തൻമൂലം ഭീമമായ തുക സുതാര്യമല്ലാത്ത ഇടപാടുകളിലൂടെ നഷ്ടമായി. നിലവിൽ ഗ്രാമപഞ്ചായത്ത് പരാതികൾക്കിടവരുത്താത്ത വിധം നേരിട്ട് ഈ ചുമതല നടപ്പാക്കി വരുന്ന വസ്തുത ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

2. ഖരമാലിന്യസംസ്കരണ പദ്ധതികൾ സമ്പൂർണ്ണശുചിത്വ മിഷന്റെ അനുമതിയോടെയല്ലാതെ നടപ്പാക്കാൻ പാടില്ലെന്ന നിബന്ധന മുൻറിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടും അത് നേടുകയോ നേടുന്നതിന് ശ്രമങ്ങൾ നടത്തുകയോ ചെയ്തില്ല.

3. കരാർ സ്ഥാപനത്തെ തെരഞ്ഞെടുത്ത നടപടിയിലും സുതാര്യത ഉറപ്പുവരുത്തിയില്ല. ഇത്രയേറെ മുതൽമുടക്കുള്ള പ്രോജക്ടിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ഈ മേഖലയിലുള്ള പ്രവർത്തനപരിചയം അനിവാര്യമാണ്. ടെൻഡർ നടപടികൾക്കൂടാതെയും സ്ഥാപനത്തിന്റെ ഈ മേഖലയിലുള്ള പ്രവർത്തനങ്ങളും മുൻകാലചരിത്രവും പരിശോധിക്കാതെയും കരാർ ഉറപ്പിച്ചുനൽകിയ നടപടി ദുരൂഹമാണ്. 2014 ആഗസ്റ്റ് മാസം 4ാം തീയതി മാത്രം "FIRM" (കമ്പനി) ആയി രജിസ്റ്റർ ചെയ്ത (രജി.നം.2372/2014) സ്ഥാപനത്തിന് എന്തടിസ്ഥാനത്തിലാണ് കരാർ ഉറപ്പിച്ച് നൽകിയതെന്ന് അധികൃതർക്ക് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

4. ഖരമാലിന്യസംസ്കരണത്തിന് കരാർ ഏറ്റെടുത്തെങ്കിലും സ്ഥാപനം അത് കൃത്യമായി നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. വിനോദസഞ്ചാരമേഖലയിലെ ഒൻപതു സ്ഥലങ്ങളിൽനിന്ന് മാലിന്യം ശേഖരിച്ച് അവിടെവച്ചുതന്നെ തരം തിരിച്ച് കല്ലാറിൽ പ്രവർത്തിക്കുന്ന ഡംപിംഗ് യാർഡിൽ എത്തിക്കേണ്ടതും അഴുകുന്ന മാലിന്യങ്ങൾ പഞ്ചായത്തുവക പന്നിഫാമിലെ പന്നികൾക്ക് ആഹാരമായും ബാക്കി വരുന്നവ വിൻഡോ കമ്പോസ്റ്റാക്കി വിറ്റഴിക്കാനുമാണ് വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ലക്ഷ്യമിട്ടിരുന്നത്. അജൈവ മാലിന്യങ്ങൾ വലിയ ബാഗുകളിൽ സംഭരിച്ച് വിപണി കണ്ടെത്തി വരുമാനമാർഗമാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനും ടി തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ച് ടി പദ്ധതിക്കുതന്നെ വിനിയോഗിക്കാനും പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്തിരുന്നു. എന്നാൽ കരാർ സ്ഥാപനം ഖരമാലിന്യങ്ങൾ തൊഴിലാളികൾ മുഖേന ശേഖരിച്ച് ഡമ്പിംഗ് യാർഡിലെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണുണ്ടായത്. മാലിന്യങ്ങൾ തരംതിരിച്ച് യഥാവിധി അണുനശീകരണം നടത്തി സംസ്കരിക്കാതെ കൂട്ടിയിട്ടത് സാംക്രമികരോഗങ്ങൾ പടരുന്നതിനും തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കാരണമായിട്ടുള്ളതായി കരുതാവുന്നതാണ്. മാലിന്യം സംസ്കരിക്കുന്നതിന് കരാറിൽ ഏർപ്പെട്ടിരിക്കുമ്പോൾത്തന്നെ സമാന്തരമായി അവ കുഴിച്ചുമൂടുന്നതിനും ലക്ഷക്കണക്കിനു രൂപ ചെലവഴിക്കപ്പെട്ടു. ഇതു സംബന്ധമായ വിശദ പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3- ആയി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

5. റിസോർട്ടുകൾ , ഹോംസ്റ്റേകൾ, ഹോട്ടലുകൾ തുടങ്ങിയവയുടെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഗുണഭോക്തൃവിഹിതമായി ശേഖരിക്കുവാൻ പ്രോജക്ടിൽ നിശ്ചയിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് അച്ചടിച്ച് നൽകുന്ന രസീതുബുക്ക് പ്രകാരം പ്രസ്തുത തുക പിരിച്ച് ദിവസേന പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പൊതുമുതൽ ശേഖരിക്കുവാൻ സ്വകാര്യ സ്ഥാപനത്തെ കരാറേല്പിച്ച നടപടി നിലവിലുള്ള നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സ്ഥാപനം നടത്തിയ പണം പിരിവിലും ഒടുക്കലിലും ഒട്ടും തന്നെ സുതാര്യത പുലർത്തിയിട്ടില്ലായെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാമപഞ്ചായത്ത് പണംപിരിവിന് രസീതുബുക്കുകൾ അച്ചടിച്ച് സ്ഥാപനത്തിന് നൽകിയെങ്കിലും അവ സ്റ്റോക്കിലെടുത്ത ശേഷമായിരുന്നില്ല, അച്ചടിച്ചവ ഒന്നായി സ്ഥാപനത്തെ ഏല്പിക്കുകയാണുണ്ടായത്. ആകയാൽ എത്ര രസീതു ബുക്കുകൾ അച്ചടിച്ചുവെന്ന് നിർണയിക്കാനാവാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത നടപടിക്ക് കാരണം വിശദീകരിച്ചിട്ടില്ല. പതിനൊന്നാമത്തെ ബുക്കാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. പിരിവ് യഥാസമയം നടന്നിരുന്നുവെങ്കിലും സംഖ്യ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് കരാർ സ്ഥാപനം വരുത്തിയത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് അനുച്ഛേദം 7(2) അനുസരിച്ച് പിരിവു തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ അടവു വരുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിസരത്ത് തന്നെ കാര്യാലയം സജ്ജീകരിച്ച സ്ഥാപനം പിരിവിനത്തിലെ പതിനായിരങ്ങൾ വരുന്ന തുകകൾ ആഴ്ചകളോളം കൈവശം സൂക്ഷിച്ചശേഷമാണ് പഞ്ചായത്ത് ഫണ്ടിൽ അടവു വരുത്തിയത്. പഞ്ചായത്തിന് സ്ഥിരം ജീവനക്കാർ/കണ്ടിജന്റ് ജീവനക്കാർ പണം പിരിവിന് ലഭ്യമായിരിക്കെയാണ് സ്വകാര്യസ്ഥാപനം പ്രസ്തുത ക്രമക്കേട് നിർബാധം തുടർന്നത്. സ്ഥാപനവുമായുള്ള കരാർ റദ്ദാക്കിയശേഷവും പ്രസ്തുത സ്ഥാപനത്തിന്റെ പങ്കാളിയായ ശ്രീ.ബേബി മാത്യുവാണ് ഗുണഭോക്തൃവിഹിതം പിരിച്ച് അടവാക്കുന്നത്. പഞ്ചായത്തുമായി യാതൊരു ബന്ധവുമില്ലാത്ത സ്വകാര്യവ്യക്തിയെ പിരിവു ചുമതല തുടർന്നും ഏൽപിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. പ്രസ്തുത നടപടി അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതമായി 2014-15,15-16 വർഷങ്ങളിൽ 10 ലക്ഷം രൂപ വീതം വകയിരുത്തിരുന്നുവെങ്കിലും കേവലം 109100/-രൂപയും 487500/-രൂപയും മാത്രമാണ് യഥാക്രമം ഈയിനത്തിൽ വരവു ലഭിച്ചത് എന്ന വസ്തുതയും പിരിവിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നു.

6. ഖരമാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് വക വാഹനങ്ങളും ഉപകരണങ്ങളും സ്ഥാപനത്തിന് കൈമാറാൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതിൻപ്രകാരം സാധനസാമഗ്രികൾ കൈമാറിയെങ്കിലും അത് ഇൻവെൻടി തയ്യാറാക്കിയ ശേഷമായിരുന്നില്ല. ആകയാൽ കരാർ അവസാനിച്ച ശേഷം തിരിച്ചേല്പിച്ച സാധനങ്ങളുടെ എണ്ണം, പ്രവർത്തനക്ഷമത, തുടങ്ങിയ കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

7. പഞ്ചായത്ത് വക ടിപ്പർ ലോറിയും പ്രസ്തുത പ്രോജക്ട് പ്രകാരം കൈമാറിയിരുന്നു. അതിന്റെ ഓരോ തവണയും 5000/-രൂപ വരെയുള്ള അറ്റകുറ്റപ്പണികൾ സ്ഥാപനം തന്നെ നടത്തേണ്ടിയിരുന്നുവെങ്കിലും ഈ ചെലവും പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് വഹിച്ചത്. (ഇതു സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 3-ആയി

ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.)

8. പ്രോജക്ട് റിപ്പോർട്ട് പ്രകാരം 66 തൊഴിലാളികളെ (62 ജീപ്പുകാർ,3സൂപ്പർവൈസർമാർ, 1ക്ലെറിക്കൽ സ്റ്റാഫ് ) നിയോഗിക്കാനാണ് നിശ്ചയിച്ചതെങ്കിലും 70 പേരുടെ സേവനം പ്രയോജനപ്പെടുത്തിയെന്ന് രേഖപ്പെടുത്തിയാണ് ചെലവ് കണക്കാക്കിയത്. എന്നാൽ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി എന്തെങ്കിലും തരത്തിലുള്ള ധാരണയിൽ എത്തിയിരുന്നതായി രേഖയില്ല.

9. ഇത്രയും ബൃഹത്തായ ഒരു പ്രോജക്ട് നടപ്പാക്കിയെങ്കിലും അതിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി ആരുംതന്നെ വിലയി രുത്തിയതായി രേഖയില്ല.

10.നിലവിൽ ഏജൻസിയുടെ പ്രവർത്തനം അവസാനിപ്പിച്ച് പഞ്ചായത്ത് നേരിട്ട് തൊഴിലാളികളെ ഉപയോഗിച്ച് മാലിന്യസംസ്കരണം നടത്തി വരുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആക്ഷേപങ്ങളില്ലാതെ നടന്നുവരുന്നുവെന്ന വസ്തുത ഇടനിലസ്ഥാപനം പഞ്ചായത്ത് ഫണ്ട് സുതാര്യതയില്ലാത്ത ഇടപാടുകളിലൂടെ കൈവശപ്പെടുത്തിയെന്ന സാഹചര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

11. വികസനഫണ്ട് (പൊതുവിഭാഗം,പ്രത്യേക ഘടകപദ്ധതി, ധനകാര്യകമ്മീഷൻ ഗ്രാന്റ്) വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും തുകകൾ പൂർണമായും തനതുഫണ്ടിൽ നിന്ന് പിൻവലിച്ച ശേഷം തിരികെ ക്രമീകരിക്കുന്ന രീതിയാണ് തുടർന്നത്.

തൻവർഷം സ്ഥാപനത്തിനു കൈമാറിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക | ഇനം |
|---|---|---|---|
| 1 | 4-4/15 | 645500 | തൊഴിലാളികളുടെ വേതനം |
| 2 | 5-4/15 | 122980 | അനുബന്ധച്ചെലവുകൾ |
| 3 | 4-5/15 | 711200 | തൊഴിലാളികളുടെ വേതനം |
| 4 | 5-5/15 | 111400 | അനുബന്ധച്ചെലവുകൾ |
| 5 | 4-6/15 | 732950 | തൊഴിലാളികളുടെ വേതനം |
| 6 | 5-6/15 | 155000 | അനുബന്ധച്ചെലവുകൾ |
| 7 | 28-7/15 | 159049 | അനുബന്ധച്ചെലവുകൾ |
| 8 | 29-7/15 | 723550 | തൊഴിലാളികളുടെ വേതനം |

| | | | |
|---|---|---|---|
| 9 | 15-8/15 | 750700 | തൊഴിലാളികളുടെ വേതനം |
| 10 | 16-8/15 | 131806 | അനുബന്ധച്ചെലവുകൾ |
| 11 | 47-8/15 | 357450 | തൊഴിലാളികളുടെ വേതനം |
| 12 | 48-8/15 | 43765 | അനുബന്ധച്ചെലവുകൾ |
| 13 | 11-9/15 | 85400 | അനുബന്ധച്ചെലവുകൾ |
| 14 | 12-9/15 | 392500 | തൊഴിലാളികളുടെ വേതനം |
| 15 | 13-10/15 | 722200 | തൊഴിലാളികളുടെ വേതനം |
| 16 | 14-10/15 | 148966 | അനുബന്ധച്ചെലവുകൾ |
| 17 | 14-11/15 | 751500 | തൊഴിലാളികളുടെ വേതനം |
| 18 | 15-11/15 | 115600 | അനുബന്ധച്ചെലവുകൾ |
| 19 | 15-12/15 | 147100 | തൊഴിലാളികളുടെ വേതനം |
| 20 | 16-12/15 | 19900 | അനുബന്ധച്ചെലവുകൾ |
| 21 | 17-12/15 | 584900 | തൊഴിലാളികളുടെ വേതനം |
| 22 | 18-12/15 | 105800 | അനുബന്ധച്ചെലവുകൾ |
| 23 | 86-12/15 | 486350 | തൊഴിലാളികളുടെ വേതനം |
| 24 | 13-1/16 | 262250 | തൊഴിലാളികളുടെ വേതനം |
| 25 | 13-1/16 | 127100 | അനുബന്ധച്ചെലവുകൾ |
| 26 | 4—2/16 | 746100 | തൊഴിലാളികളുടെ വേതനം |
| 27 | 5—2/16 | 141128 | അനുബന്ധച്ചെലവുകൾ |
| 28 | 2-3/16 | 687250 | തൊഴിലാളികളുടെ വേതനം |

| | | | |
|---|---|---|---|
| 29 | 3-3/16 | 202075 | അനുബന്ധച്ചെലവുകൾ |
| | ആകെ | 10371469 | |

പ്രസ്തുത പദ്ധതിക്കുവേണ്ടി 3 പ്രോജക്ടുകളിലൂടെ ആകെ വകയിരുത്തിയത് 7736592/-രൂപയാണ്. എന്നാൽ ചെലവഴിക്കപ്പെട്ടത് 10371469/-രൂപയും. മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ 10371469/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിൽ ആദ്യന്തം അപാകതകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലെ വസ്തുതകൾ കണ്ടെത്തുന്നതിന് വിജിലൻസ് അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

## 3-2 നിയമാനുസൃതമല്ലാതെ മരാമത്ത് വേലകൾ നടത്തിയത് ₹. 52,84,210/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു, ₹.10,44,186/-യുടെ ചെലവ് നിരാകരിക്കുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികൾ നിയമാസൃതമല്ല നടപ്പാക്കിയിരിക്കുന്നത്. പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ,ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്യാതെയാണ് പദ്ധതികൾ നടപ്പാക്കുന്നതിനായി വ്യക്തികളേയും, സർക്കാർ അംഗീകൃത ഏജൻസികളേയും ഏൽപ്പിച്ചത്. പ്രവർത്തിയുടെ അളവ് എടുക്കാതെയും, നിയമാനുസൃതം കുറവു ചെയ്യേണ്ട മൂല്യവർദ്ധിത നികുതി, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്യാതെയും പദ്ധതിയിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും പ്രവർത്തി ഏറ്റെടുത്തവർക്ക് നൽകി. പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മോണിറ്റിംഗ് കമ്മറ്റി റിപ്പോർട്ടില്ല. 2003ലെ കേരളാ മൂല്യവർദ്ധിത നികുതി നിയമം, സെക്ഷൻ 10(1) പ്രകാരം എല്ലാത്തരം കരാർ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും നിയമപ്രകാരമുള്ള നികുതി അവാർഡർ സ്രോതസ്സിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആയതിനാൽ ചുവടെ ചേർക്കുന്ന പ്രകാരം ബില്ലുകളിൽ നിന്നും കുറവ് ചെയ്യുണ്ട തുക കരാറുകാർക്ക് അധികം നൽകിയതായി കണക്കാക്കി പ്രസ്തുത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| പദ്ധതിയുടെ വിവരം | ചെലവ് തുക/ വൌച്ചർ നം | ചെലവ് തുക | ഈടാക്കേണ്ട വാറ്റ് 14.5% | ഈടാക്കേണ്ട ആദായ നികുതി 1% | ഈടാക്കേണ്ട ക്ഷേമ നിധി വിഹിതം 1% | ആകെ |
|---|---|---|---|---|---|---|
| നടയാർ റോഡിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. നം. 239/15 .വിക.ഫണ്ട്. അടങ്കൽ 4,00,000. നിർവ്വഹണം.സിഡ്കൊ. | 21501108/ 21.3.2016 | 400000 | 58000 | 4000 | 4000 | 66000 |
| പഞ്ചായത്ത് ഓഫീസ് മുൻവശം ക്ലാഡിംങ്ങ്. | 21500380/ 31.7.2015 | 1290186 | 187077 | 12902 | 12902 | 212881 |

| | | | | | | |
|---|---|---|---|---|---|---|
| നം.11/16<br>അടങ്കൽ .1290186/-<br>തനത് ഫണ്ട്<br>നിർവ്വഹണം.സിഡ്കൊ. | | | | | | |
| ഹൈമാസ്റ്റ് /മിനി ഹൈമാസ്റ്റ് ലൈറ്റ് വാർഷിക മെയിന്റ നൻസ്.<br>നം260/16.<br>അടങ്കൽ.144450/-<br>വിക.ഫണ്ട്.അടിമാലിയിലുള്ള വൈശാഖ് ഇലക്ട്രിക്കൽസ് | 21501170/31.32016 | 144450 | 20945 | 1444 | 1444 | 23833 |
| സ്ട്രീറ്റലൈറ്റ് മെയിന്റനൻസ് മെ.259/16<br>അടങ്കൽ. 279260/-(വി.ഫ)<br>നിർവ്വഹണം.കെയ്ക്കോ | 21501172/31.3.2016 | 279260 | 40493 | 2793 | 2793 | 46079 |
| സ്റ്റ്റീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>നം.82/16<br>അടങ്കൽ.3448500/-(വി.ഫ)<br>നിർവ്വഹണം.സിഡ്കൊ. | 21500564/22.9.2015 | 3448500 | 500033 | 34485 | 34485 | 569003 |
| മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ് മെന്റ്.<br>മെ.219/15 .<br>അടങ്കൽ. 766000. (വി.ഫ)<br>നിർവ്വഹണം.ട്രൂത്ത് കൺസ്ട്രക്ഷൻസ് ഹോം,അടിമാലി. | ബിൽ നം.22/15-16<br>തി.27.11.2015 | 766000 | 111070 | 7660 | 7660 | 126390 |
| ആകെ | | 6328396 | 917618 | 63284 | 63284 | 1044186 |

നിയാമാനുസൃതമുള്ള നികുതിയും ക്ഷേമനിധി വിഹിതവും ഈടാക്കാതെ അധികം നൽകിയ ₹.10,44,186/- /യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരിൽ ഈടാക്കി സർക്കാ രിലേയ്ക്ക് ഒടുക്കുകയൊ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് നിബന്ധനകൾ പാലിക്കാതെ പ്രവർത്തികൾ നടത്തിയതിനാൽ ആകെ ചെലവഴിച്ച തുകയായ 6328396/-രൂപയിൽ

നിന്ന് മേൽ നിരാകരിച്ച ₹10,44,186/ -കുറച്ചുള്ള ₹.52,84,210/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-3** ഖരമാലിന്യ നിർമാർജ്ജനത്തിന് ബൃഹദ്പദ്ധതി നിലവിലിരിക്കെ സമാന്തരമായി ഇതേ ആവശ്യത്തിന് വൻതുക ചെലവഴിച്ചു-നഷ്ടം **₹6,49,000/-**

മൂന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ ശുചീകരണത്തിനായി ആവിഷ്കരിച്ച ബൃഹത് പദ്ധതിയാണ് മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി. പ്രസ്തുത പ്രോജക്ടിന്റെ 2014-15, 2015-16 വർഷങ്ങളിലെ അടങ്കൽ തുക യഥാക്രമം 1,10,00,000/-രൂപയും 2015-16-ൽ 99,00,000/-രൂപയുമായിരുന്നു. 26.11.2014-മുതൽ പ്രസ്തുത പ്രോജക്ടിന്റെ കരാർ ഗ്രീൻ എർത്ത് ടെക്നോളജീസ് കുഞ്ചിത്തണ്ണി എന്ന സ്ഥാപനമാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. പ്രസ്തുത സ്ഥാപനം 2015-16 വർഷത്തേക്ക് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് (പേജ് നം.14-16) വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പഞ്ചായത്തുവക ഫാമിലെ പന്നികൾക്ക് ആഹാരമായും ബാക്കി വരുന്നവ വിൻഡോ കമ്പോസ്റ്റാക്കി വിൽക്കാനും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വലിയ ബാഗുകളിൽ സംഭരിച്ച് വിറ്റഴിക്കാനുമാണ് പദ്ധതിയിട്ടത്. എന്നാൽ കരാർ സ്ഥാപനം ശേഖരിച്ച മാലിന്യങ്ങൾ മേൽ വിവരിച്ചപ്രകാരം സംസ്കരിക്കാതെ കല്ലാറിലുള്ള ഡംപിംഗ് യാർഡിൽ തുറസ്സായി നിക്ഷേപിക്കുകയാണുണ്ടായത്. പ്രസ്തുത മാലിന്യം മണ്ണിട്ട് മൂടുന്നതിന് അനേകം ദിവസങ്ങളിൽ മണിക്കൂറുകളോളം ജെ.സി.ബിയും ടിപ്പർ ലോറിയും ഉപയോഗിച്ചതായി ചൂണ്ടിക്കാട്ടി ഭീമമായ തുക വാടകയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽനിന്ന് പിൻവലിച്ചിട്ടുണ്ട്.

പ്രസ്തുത തുകയത്രയും വേളാങ്കണ്ണി മാതാ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം ശ്രീ.ശെൽവകുമാർ എന്ന വ്യക്തിയാണ് കൈപ്പറ്റിയിട്ടുള്ളത്. പ്രസ്തുത ചെലവുകളുടെ വൗച്ചറുകൾ വിശദമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശേഖരിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ , പദ്ധതി രേഖയിൽ വിവരിക്കുന്ന രീതിയിലുള്ള നിയതമായ സംസ്കരണം കരാർപ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കെ ടി ആവശ്യത്തിനുവേണ്ടി കൂടുതലായി പഞ്ചായത്ത് ഫണ്ട് ചെലവഴിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. മാലിന്യസംസ്കരണം സ്വകാര്യ ഏജൻസി തൃപ്തികരമായി നടത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ട സെക്രട്ടറി കരാർലംഘനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനുപകരം/ സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ സംസ്കരണം നടത്തുന്നതിനുപകരം പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത വരുത്തിവയ്ക്കുകയാണുണ്ടായത്.

2. ജെ.സി.ബി , ടിപ്പർ ലോറി വാടക ആവശ്യപ്പെട്ട് ഹാജരാക്കിയിട്ടുള്ള ബില്ലുകളുടെ ആധികാരികതയും സംശയാസ്പദമാണ്. ഏതൊരു സ്ഥാപനത്തിന്റെയും കാഷ് ബില്ലുകൾ ആരോഹണക്രമത്തിലാണ് വ്യക്തകൾക്ക് നൽകപ്പെടുന്നത്. എന്നാൽ പ്രസ്തുത ചെലവുകൾക്ക് ഉപോത്ബലകമായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള കാഷ് ബില്ലുകൾ ഇപ്രകാരമുള്ളവയല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കാഷ് ബില്ലിന്റെ ക്രമ നമ്പർ(ഹാജരാക്കിയത്) | ഇനം | ബിൽപ്രകാരമുള്ള തുക | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ |
|---|---|---|---|---|---|

| | | | കൈപ്പറ്റിയ തീയതി | | |
|---|---|---|---|---|---|
| 1 | 611 | ജെ.സി.ബി വാടക | 29.5.15 | 118000 | 170606/29.5.15 |
| 2 | 612 | ടിപ്പർ ലോറി വാടക | | | |
| 3 | 601 | ജെ.സി.ബി വാടക | 9.7.15 | 129800 | 170663/9.7.15 |
| 4 | 602 | ടിപ്പർ ലോറി വാടക | | | |
| 5 | 604 | ജെ.സി.ബി വാടക | 29.1.16 | 94400 | 172703/29.1.16 |
| 6 | 605 | ഹിറ്റാച്ചി വാടക | | | |
| | ആകെ | | | 342200 | |

തുക പിൻവലിക്കുവാൻ തയ്യാറാക്കിയ വ്യാജരേഖകളാണ് പ്രസ്തുത ബില്ലുകൾ എന്ന് മേൽ പട്ടികയിൽ നൽകിയിട്ടുള്ള വസ്തുതകളിൽനിന്ന് വ്യക്തമാണ് .

3.ഓരോ തവണയും എട്ടു മുതൽ പതിനഞ്ചു വരെ ദിവസങ്ങളിൽ 8 മണിക്കൂർ വീതം പ്രസ്തുത യന്ത്രവും വാഹനവും ഉപയോഗിച്ചതായി ചൂണ്ടിക്കാട്ടിയാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ജെ.സി.ബി , ടിപ്പർ ഉപയോഗിച്ച കാലയളവ് | ആകെ ദിവസം | ഉപയോഗിച്ച സമയം | നിരക്ക് | |
|---|---|---|---|---|---|
| | | | | JCB | Tipper |
| 1 | 20.4.15-4.5.15 | 15 | 8 മണിക്കൂർ വീതം | 800+ 500 ബാറ്റ | 4500+ 400ബാറ്റ |
| 2 | 16.5.15-25.5.15 | 10 | --ടി-- | --ടി-- | --ടി-- |
| 3 | 20.6.15-30.6.15 | 11 | --ടി-- | --ടി-- | --ടി-- |
| 4 | 5.8.15-15.8.15 | 11 | --ടി-- | --ടി-- | --ടി-- |
| 5 | | 8 | ഹിറ്റാച്ചി 8മണിക്കൂർ വീതം ,ജെസിബി 6.5മണിക്കൂർ വീതം | --ടി-- | --ടി-- |

വാഹനങ്ങളുടെ ഉപയോഗം ഇത്രയും കാലയളവിൽ ആവശ്യമായിരുന്നുവെന്നും പ്രസ്തുത പ്രവൃത്തി യഥാവിധി നടന്നുവെന്നും ആരും ഉറപ്പു വരുത്തുകയോ അധികൃതർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം | കാലയളവ് | വൗച്ചർ നം | തുക |
|---|---|---|---|
| 1 | 20.4.15-4.5.15 | 42-5/15 | 177000 |
| 2 | 16.5.15-25.5.15 | 96-5/15 | 118000 |

| | | | |
|---|---|---|---|
| 3 | 20.6.15-30.6.15 | 38-7/15 | 129800 |
| 4- | 5.8.15-15.8.15 | 66-8/15 | 129800 |
| 5 | 5.10.15-12.10.15 | 72-1/16 | 94400 |
| | | ആകെ | 649000/-രൂപ |

മുൻ ഖണ്ഡികകളിലെ പരാമർശങ്ങളുടെ വെളിച്ചത്തിൽ , ചെലവു തുകയായ 649000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 ഖരമാലിന്യ സംസ്കരണം-ടിപ്പർ ലോറി അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു-നഷ്ടം ₹23,392/-

മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രീൻ എർത്ത് ടെക്നോളജീസ് കമ്പനിയുമായി ഏർപ്പെട്ട കരാർ പത്രികയിലെ 5-ാമത്തെ വ്യവസ്ഥ താഴെപ്പറയുന്നു." ഒന്നാം കക്ഷിയുടെ ഉടമസ്ഥതയിലുള്ള മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങൾ രണ്ടാം കക്ഷിയുടെ അധീനതയിലായിരിക്കുന്ന സമയത്ത് പ്രസ്തുത വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി ഒരു സമയത്ത് പരമാമധി 5000/-രൂപ വരെ മാത്രം രണ്ടാം കക്ഷി വഹിക്കുന്നതും പദ്ധതി രേഖയിൽ വാഹനങ്ങളുടെ റിപ്പയറിംഗ് & മെയിന്റനൻസ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിലധികം ആവശ്യമായി വന്നാൽ പ്രസ്തുത തുക ഒന്നാം കക്ഷിക്ക് നൽകേണ്ടതാകുന്നു." കരാറിലെ ടി വ്യവസ്ഥ നിലനിൽക്കെ പ്രോജക്ട് കാലയളവിൽ ഗ്രാമപഞ്ചായത്ത് വക KL6 F-5137നമ്പർ ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി വന്ന മുഴുവൻ ചെലവും ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നാണ് വഹിച്ചത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗചർ നമ്പർ | തുക | അനുവദനീയമായ തുക | അധികം നൽകിയത് | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 60-4/15 | 4519 | 00 | 4519 | ശ്രീ ഗായത്രി ഓട്ടോ സ്പെയേർസിന് ബിൽ നം.7093,94/ 5.3.15പ്രകാരം നൽകിയ തുക |
| 2- | 61-4/15 | 775 | 00 | 775 | മൂന്നാർ ഓട്ടോ പാർട്സിന് ബിൽ നം.5186/12.3.15 പ്രകാരം നൽകിയ തുക |
| 3 | 46-7/15 | 7939 | 2939 | 5000 | ഫോക്കസ് മോട്ടോഴ്സ് അടിമാലിക്ക് 490/25.6.15 നമ്പർ ഇൻവോയ്സ് പ്രകാരം നൽകിയ തുക |
| 4 | 21-4/15 | 2244 | 00 | 2244 | ഫോക്കസ് മോട്ടോഴ്സ് അടിമാലിക്ക് 771/24.8.15 നമ്പർ ഇൻവോയ്സ് പ്രകാരം നൽകിയ തുക |

| | | | | | |
|---|---|---|---|---|---|
| 5 | 68-1/16 | 6712 | 1712 | 5000 | മൂന്നാർ ഓട്ടോ പാർട്സ്സിന് ബിൽ നം.9055/ 23.12.15,5387/28.12.15, എന്നിവ പ്രകാരം നൽകിയ തുക |
| 6 | 69-1/16 | 854 | 00 | 854 | മൂന്നാർ ഓട്ടോ പാർട്സ്സിന് ബിൽ നം.5701/ 5.1.16പ്രകാരം നൽകിയ തുക |
| 7 | 907/2016 | 7165 | 2165 | 5000 | ലക്ഷ്മി ഓട്ടോപാർട്സ്സിന് ബിൽ നം.853/25.1.16, ശ്രീകുമാർ ഓട്ടോ വർക്ക്സിന് ബിൽ നം.8/25.1.16 പ്രകാരം നൽകിയ തുക |
| | ആകെ | 30208 | 6816 | 23392 | |

ഓരോ തവണയും 5000/-രൂപ വരെയുള്ള ചെലവ് സ്ഥാപനം വഹിക്കണമെന്നിരിക്കെ കരാറിനു വിരുദ്ധമായി വാഹന റിപ്പയർ ചെലവുകൾ വഹിച്ചതുവഴി പഞ്ചായത്ത് ഫണ്ടിന് 23,392/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-5 ഫർണിച്ചർ വാങ്ങൽ - വിതരണ ഏജൻസി സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹25300/-

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ഭാരതീയ ചികിത്സാ വകുപ്പ്

പ്രോജക്ട് നം : എസ്004/2016

അടങ്കൽ തുക : 74816/-രൂപ

ചെലവഴിച്ച തുക : 25300/- ഡി.ഡി.നം.962250/21.3.2016

ഗവ.ആയുർവേദ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന് ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം സാധനങ്ങൾ വിതരണം ചെയ്യേണ്ട ചുമതല സിഡ്കോയുടെ തിരുവനന്തപുരം ശാഖയ്ക്കായിരുന്നു. പ്രൊഫോർമ ഇൻവോയ്സിലെ നിരക്കനുസരിച്ച് 3 ഇരുമ്പു നിർമിത കട്ടിലുകളുടെ വിലയായി മേൽ പ്രസ്താവിച്ച പ്രകാരം തുക കൈമാറിയെങ്കിലും നാളിതുവരെ സാധനങ്ങൾ വിതരണ ഏജൻസി ഹാജരാക്കിയിട്ടില്ല. ആകയാൽ കൈമാറിയ തുക ₹25,300/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി സാധനങ്ങൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 നല്ല തണ്ണിയാർ ശുചീകരണം-വ്യവസ്ഥകൾ പാലിക്കാതെയുള്ള ചെലവ്-തടസ്സം ₹5,05,600/-

വൗച്ചർ നം : 32-4/16 . ചെക്ക് നം.169842/18.4.2015

തുക : 505600/-

മൂന്നാർ ടൗണിൽക്കൂടി ഒഴുകുന്ന നല്ലതണ്ണിയാർ 17.3.2015 മുതൽ 17.4.2015വരെ ഹിറ്റാച്ചി ഉപയോഗിച്ച് ശുചീകരിച്ചതായി രേഖപ്പെടുത്തി പിൻവലിച്ചതാണ് പ്രസ്തുത തുക. 32 ദിവസം 12.5 മണിക്കൂർ വീതം യന്ത്രം പ്രവർത്തിപ്പിച്ചതായി കണക്കാക്കി മണിക്കൂറിന് 1200/-രൂപ നിരക്കിൽ വാടകയും 800/-രൂപ നിരക്കിൽ പ്രതിദിന ബാറ്റയും അനുവദിക്കുകയാണുണ്ടായത്. ഷാരാ കൺസ്ട്രക്ഷൻ മൂന്നാർ എന്ന സ്ഥാപനത്തിന്റെ ബില്ലാണ് അനുബന്ധ രേഖയായി ഹാജരാക്കിയിരിക്കുന്നത്. വ്യവസ്ഥാപിതമായ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത്. ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1.ഇത്തരത്തിൽ ഒരു പ്രവൃത്തി നടത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയിരുന്നതായി രേഖയില്ല.

2.പ്രവൃത്തിയിൽ ഉൾപ്പെടുത്തേണ്ടയിനങ്ങളും അവ ചെയ്യേണ്ട അളവുകളും ശാസ്ത്രീയമായി നിർണയിച്ച് ക്ഷമതയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ അനുമതി നൽകിയിട്ടില്ല.

3.ഗണ്യമായ തുക ആവശ്യമായി വന്ന പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചില്ല. ടി നടപടികൾകൂടാതെ സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചതിനും നിരക്ക് അംഗീകരിച്ചതിനും കാരണം വ്യക്തമാക്കിയിട്ടില്ല. സ്ഥാപനവുമായി കരാർ ചമച്ചതായും കാണുന്നില്ല.

4.നല്ലതണ്ണിയാറിന്റെ ഏതു റീച്ചുകളുടെ ശുചീകരണമാണ് നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5.ശുചീകരണപ്രവൃത്തിയുടെ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതിയംഗങ്ങളോ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരോ നടത്തിയതായി രേഖയില്ല.

6.പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ നടന്നതായി അധികൃതരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ഗണ്യമായ തുക ചെലവ് വന്ന പ്രസ്തുത പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ നടന്നുവെന്ന് തെളിയിക്കുവാൻ അവശ്യം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും വ്യവസ്ഥാപിത നടപടികൾ സ്വീകരിക്കാതിരുന്നതിനാലും ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു പ്രത്യേകലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു

വിവിധ പദ്ധതികളുടെ നിർവഹണത്തിനായി സർക്കാരും ഇതര സ്ഥാപനങ്ങളും അനുവദിച്ച തുകകൾ പൂർണമായി വിനിയോഗിക്കാതെ തനതുഫണ്ടിന്റെ ഭാഗമാക്കി ഗ്രാമപഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് അനുവദിച്ചതിന്റെ ഉദ്ദേശ്യം | നിലവിൽ അവശേഷിക്കുന്ന തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 1 | പശ്ചിമഘട്ട വികസനപദ്ധതി | 335000 | |
| 2 | എസ്.എസ്.എ | 330017 | 25.7.16-ലെ നീക്കിയിരിപ്പ് |
| 3 | പൈക്ക | 218701 | 19.10.16-ലെ നീക്കിയിരിപ്പ് |

1)പശ്ചിമഘട്ട വികസനപദ്ധതി

പെട്ടിമുടി ഡിവിഷനിലെ ഷെഡ്ഡുമുടി , പെരുംകടവുകുടി എന്നിവിടങ്ങളിൽ നടപ്പാലം നിർമിക്കുന്നതിനു വേണ്ടി യഥാക്രമം 1,35000/-രൂപ , 200000/-രൂപ ഉൾപ്പടെ 335000/- രൂപ ഡി.ഡി.നം.996819/28.3.2010-പ്രകാരം ലഭിച്ചിരുന്നു. ടി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള എസ്.ബി.ടി മൂന്നാർ ശാഖയിലുള്ള പ്ലാൻ അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. (നം91618) . ലഭിച്ച തുക യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. ഇതിനിടെ മൂന്നാർ പഞ്ചായത്ത് വിഭജിച്ച് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെടുകയും പദ്ധതിപ്രദേശം ടി പഞ്ചായത്തിന്റെ ഭാഗമാകുകയും ചെയ്തതിനാൽ അനുവദിക്കപ്പെട്ട തുകയ്ക്ക് വിനിയോഗസാധ്യതയില്ലാതായി. വിനിയോഗിക്കാതെ ശേഷിക്കുന്ന തുക അടിയന്തിരമായി തിരികെയടയ്ക്കാൻ സർക്കാർ , ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റെ 31.8.2016-ലെ സ.ഉ.(കൈ) നം.36/2016 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിനാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

2)എസ്.എസ്.എ

കല്ലാർ , ലക്ഷ്മി , കന്നിമല ഗവ.യു.പിസ്കൂളുകൾ, ഇടമലക്കുടി ഗവ.എൽ.പി.സ്കൂൾ എന്നിവക്ക് അഡീഷണൽ ക്ലാസ് മുറികളും ഓഫീസ് മുറികളും നിർമിക്കുന്നതിന് 2010-11 മുതലുള്ള വർഷങ്ങളിൽ ലഭിച്ച തുകകളിൽ 330017/-രൂപ ഇനിയും വിനിയോഗിക്കാൻ ശേഷിക്കുന്നു. പ്രസ്തുത പ്രോജക്ടുകളുടെ ധനവിനിയോഗം നിയന്ത്രിക്കുന്നതിന് എസ്.ബി.ടി മൂന്നാർ ശാഖയിൽ തുറന്നിട്ടുള്ള 67011280920-ാം നമ്പർ അക്കൗണ്ടിലാണ് ടി തുക നിലനിൽക്കുന്നത്. വർഷങ്ങളായി പലിശ വരവു വയ്ക്കുന്നതൊഴികെ യാതൊരു പണമിടപാടും പ്രസ്തുത അക്കൗണ്ടിലൂടെ നടന്നിട്ടില്ല.

സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അടിസ്ഥാനസൗകര്യമൊരുക്കാൻ ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതെ മൂതനിക്ഷേപമായി സൂക്ഷിക്കുന്ന നടപടി ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. പ്രായോഗികക്ഷമതയുള്ള പ്രോജക്ടുകളിലൂടെ തുക വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തിരികെയടയ്ക്കുകയോ വേണ്ടതാണ്.

3) PYKKA

പഞ്ചായത്ത് യുവ ഖേൽ ക്രീഡ അഭിയാനുവേണ്ടി ലഭിച്ച തുകയിൽ 218701/-രൂപ ചെലവഴിക്കാൻ ശേഷിക്കുകയാണ്. (എസ്.ബി.ടി മൂന്നാർ ശാഖയിലെ അക്കൗണ്ട് നമ്പർ 67093294710-ന്റെ 19.10.2016-ലെ നീക്കിയിരിപ്പ് കണക്കുകൾപ്രകാരം). ടി അക്കൗണ്ടും വർഷങ്ങളായി ഇടപാടുകളില്ലാതെ വർത്തിക്കുന്നു. തുക വിനിയോഗിക്കുവാൻ

തൻവർഷമോ മുൻ വർഷങ്ങളിലോ പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്തിരുന്നില്ല. ഭാവിയിലും ടി തുകയ്ക്ക് വിനിയോഗ സാധ്യതയില്ലായെന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. ആകയാൽ തുക അടിയന്തിരമായി തിരികെയടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി സർക്കാർ ഉപരിതലത്തിലുള്ള പഞ്ചായത്തുകൾ മുഖേനയും ഇതര ഏജൻസികൾ വഴിയും ലഭ്യമാക്കുന്ന ഫണ്ടുകൾ സ്വീകരിച്ച ശേഷം യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന നടപടി പദ്ധതി നടത്തിപ്പിലെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അനുവദിക്കപ്പെട്ട തുകകൾ താമസം വിനാ ക്രമീകരിക്കുന്നതിനായി വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ മുടങ്ങിപ്പോയ ഗൃഹനിർമാണം പൂർത്തീകരിക്കാൻ മാർഗങ്ങളില്ല

പ്രസ്തുത ഭവന നിർമാണപദ്ധതിയിൻകീഴിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 72 ഗുണഭോക്താക്കളിൽ 27പേർ (പട്ടികജാതി വിഭാഗം 05പേർ + പട്ടികവർഗവിഭാഗം 22 പേർ) ഇനിയും നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സബ്സിഡിയുടെ അന്തിമഗഡുക്കൾ കൈപ്പറ്റാൻ ശേഷിക്കുന്നു. എന്നാൽ കഴിഞ്ഞ 3 വാർഷിക പദ്ധതികളിലും ഇവർക്ക് ധനസഹായമേകാൻ ഒരു പ്രോജക്ട് പോലും ആവിഷ്കരിച്ച് നടപ്പാക്കിയില്ല. 2010-11-ലും മറ്റും ആദ്യ ഗഡുക്കൾ കൈപ്പറ്റിയ വ്യക്തികൾക്ക് (ആകെ സബ്സിഡി 75000/-രൂപ) നിർമാണമേഖലയിലെ മാറ്റങ്ങളും കമ്പോളത്തിലെ വൻ വിലവർദ്ധനവും മൂലം നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ലായെന്നത് വസ്തുതയാണ്. ഇ.എം.എസ് ഭവന നിർമാണപദ്ധതിയുടെ കാലയളവ് 2014-15-ൽ അവസാനിച്ചതിനാൽ 2016-17വാർഷിക പദ്ധതിയിലും പ്രസ്തുത വ്യക്തികൾക്ക് ധനസഹായമനുവദിക്കാൻ തുടർപ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. തൻമൂലം അടിസ്ഥാന സൗകര്യവികസനത്തിൽ പരമപ്രാധാന്യമുള്ള പാർപ്പിടനിർമാണം പൂർത്തിയാക്കാൻ പ്രസ്തുത വ്യക്തികൾക്ക് മാർഗങ്ങൾ ഇല്ലാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. ഭവനനിർമാണം പാതി വഴിയിൽ മുടങ്ങിപ്പോയവർക്ക് അത് പൂർത്തിയാക്കാൻ അവസരം നൽകുന്നതിനുവേണ്ടി സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.2.2011-ലെ ജി.ഒ.(ആർടി)നം.497/2011, 10.12.2013-ലെ ജി.ഒ.(ആർടി)നം3033/2013 എന്നീ ഉത്തരവുകൾപ്രകാരം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് പുതിയ പ്രോജക്ടുകൾ രൂപീകരിച്ച് താമസംവിനാ പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താക്കളുടെ ഗൃഹനിർമാണം പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ അനന്തമായി നീളുന്ന സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത്. 2013-14മുതൽ 2015-16 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കുന്നതിനാണ് ആദ്യ ഘട്ടം ആവിഷ്കരിച്ചത്. ഗ്രാമപഞ്ചായത്തിലെ ഏറ്റവും നിർധനരായ 120 വ്യക്തികളെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ഒരു കോടി രൂപയുടെ

പദ്ധതിയ്ക്കാണ് രൂപം നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ് | അടങ്കൽ | യഥാർത്ഥത്തിൽ ലഭിച്ച തുക | നാളിതുവരെയുള്ള ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് | 7191000 | 1000000+ 37160(പലിശ) | 00 | 1000000+ 37160(പലിശ) |
| ചലഞ്ച് ഫണ്ട് | 2500000 | 2500000+ 69546(പലിശ) | 1481173 | 1088373 |
| മറ്റുള്ളവ | 309000 | 00 | 00 | 00 |
| ആകെ | 10000000 | 3606706 | 1481173 | 2125533 |

പ്രോജക്ടിന്റെ പൂർത്തീകരണക്കാലയളവ് അവസാനിച്ചുവെങ്കിലും കഴിഞ്ഞിട്ടും ആകെ അടങ്കലിന്റെ 15ശതമാനം പോലും ചെലവഴിക്കാൻ കഴിയാത്തത് പദ്ധതി പരാജയപ്പെട്ട വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇനിയും സേവനം എത്തിക്കാൻ ശേഷിക്കുന്ന സാഹചര്യങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം | ഇതു വരെ ആനുകൂല്യം ലഭിച്ച ആളുകളുടെ എണ്ണം | ആനുകൂല്യം നൽകാൻ ശേഷിക്കുന്ന ആളുകളുടെ എണ്ണം |
|---|---|---|---|
| ചികിത്സ | 109 | ലഭ്യമല്ല | 109 |
| വിദ്യാഭ്യാസം | 20 | --- | 20 |
| വസ്ത്രം | 103 | | 103 |
| ഭക്ഷണം | 120 | 120 | 120(പൂർണമായിട്ടില്ല) |
| വീട് | 43 | -- | 43 |
| തൊഴിൽ | 33 | -- | 33 |
| വീട് പുനരുദ്ധാരണം | 40 | --. | 40 |
| പെൻഷൻ | 80 | 80 | -- |

പദ്ധതിക്കുവേണ്ടി യൂണിയൻ ബാങ്കിന്റെ മൂന്നാർ ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ (നം358902010016755) പലിശയുൾപ്പടെ 2125533/-രൂപ നീക്കിയിരിപ്പുണ്ട്.(15.10.2016-ലെ കണക്കുകൾ പ്രകാരം).

സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്യുന്ന ഇത്തരം പ്രോജക്ടുകൾ അനന്തമായി നീളുന്ന അവസ്ഥ, ലക്ഷ്യം

തമസ്കരിക്കപ്പെടുന്നതിനുപരി അവരുടെ സ്വാഭാവിക നീതി നിഷേധിക്കലായി പരിണമിക്കുന്നു. റീവിസിറ്റ് നടത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കി , ശേഷിക്കുന്ന സേവനപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച്, പാർശ്വവത്ക്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സഹായമെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-2 നിക്ഷേപ പദ്ധതികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ.

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 951101 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 951101 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 951101 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നെടുങ്കണ്ടത്തുള്ള പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സൊസൈറ്റിയിലുള്ള എഫ്.ഡി.നം. 1077 തീ. 06-03-2015 | 451101 |
| എഫ്.ഡി.നം. 1078തീ. 06-03-2015 | 500000 |
| ആകെ | 951101 |

6.3.2016 ൽ കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപം പുതുക്കുകയോ പലിശ വരവ് വയ്ക്കുകയോ ചെയ്തിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ₹. 6,525/-ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-1996 | 4 | 1999-2000 | | പണപിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-1998 | 39 | 1999-2000 | | മരാമത്ത് വേല രേഖയില്ല | -ടി- |
| 1997-1998 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-1998 | 47 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 1998-1999 | | 2001-2002 | | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടത്തിയ ധനാപഹരണം | -ടി- |
| 2001-2002 | 2-5 | 2005-2006 | | വാടക ഈടാക്കുന്നില്ല നഷ്ടം | -ടി- |
| പ്രവർത്തനാവലോകനം | | 2013-2014 | 3-5(10) | ഫ്ലോർ മിൽ,പേപ്പർ, ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്-വാങ്ങൽ ലക്ഷ്യം കൈവരിച്ചില്ല. | തൽസ്ഥിതി തുടരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) .സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ അകെ വരവ് | 11,50,59,482 |
| ഓഡിറ്റ് വർഷത്തെ അകെ ചെലവ് | 14,00,71,599 |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റി ൽ അംഗീകരിക്കാത്ത ചെലവ് | 1716578 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16186579 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ,ഉദ്യോഗപ്പേ രും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | |
| 2-1 | 89303 | | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| 3-2 | - | 1044186 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| 3-3 | - | 649000 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| 3-4 | - | 23392 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| ആകെ | 3977 | 1716578 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10371469 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| 3-2 | 5284210 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| 3-5 | 25300 | ഡോ.ശ്രീജൻ എസ്.ഡി |
| 3-6 | 505600 | ജെ.മധുസൂദനൻ ഉണ്ണിത്താൻ ,സെക്രട്ടറി. |
| ആകെ | 16186579 | |

(സി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

3-2

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

3-1, 3-2, 3-4

(ഇ). ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം. | |
|---|---|---|
| ജെ .മധുസൂദനൻ<br>ഉണ്ണിത്താൻ<br>സെക്രട്ടറി | സെക്രട്ടറി<br>വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | രമ സദൻ,<br>കോട്ടുകൽ .പി.ഒ,<br>അഞ്ചൽ,<br>കൊല്ലം ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും അവസാനമായി പുറപ്പെടുവിച്ച തീർപ്പാക്കാത്ത കത്തിടപാടിന്റെ വിവരം/തടസ്സങ്ങൾ |
|---|---|
| 1966-67മുതൽ 1975-76 വരെ | എൽ.എഫ്.ഐ.-5-1451/80/09-05-1991 |
| 1976-77 | എൽ.എഫ്.ഐ.-5-103/80/06-05-1985 |
| 1977-78 | എൽ.എഫ്.ഐ.-5-604/80/17-06-1980 |
| 1978-79 | എൽ.എഫ്.ഐ.-5-1320/80/08-05-1981 |
| 1979-80 | എൽ.എഫ്.ഐ.-5-591/82/22-08-1982 |
| 1980-81 | എൽ.എഫ്.ഐ.-6-1089/83/05-09-1984 |
| 1981-82 | എൽ.എഫ്.ഐ.-6-104/84/22-09-1984 |
| 1982-83 | എൽ.എഫ്.ഐ.-7-1012/86/01-02-1987 |
| 1983-84 | എൽ.എഫ്.ഐ.-7-452/86/05-02-1987 |
| 1984-85 | എൽ.എഫ്.ഐ.-7-707/87/17-02-1988 |
| 1985-86 | എൽ.എഫ്.ഐ.-7-1028/88/20-02-1988 |
| 1986-87 | എൽ.എഫ്.ഐ.-7-24/91/10-01-1991 |
| 1987-88 | എൽ.എഫ്.ഐ.-7-564/92/17-07-1992 |
| 1988-89 & 1989-90 | എൽ.എഫ്.ഐ.-7-880/93/17-06-1993 |
| 1990-91& | എൽ.എഫ്.ഐ.-7-379/94/10-11-1994 |

| | |
|---|---|
| 1991-92 | |
| 1992-93 | എൽ.എഫ്.ഐ.-7- 288/95/22-04-1996 |
| 1993-94 &<br><br>1994-95 | എൽ.എഫ്.ഐ.-7- 426/97/09-02-1998 |
| 1995-96 | എൽ.എഫ്.ഐ.-7-476/99/20--11-1998 |
| 1996-97 | എൽ.എഫ്.ഐ.-7-492/99/10-02-1999 |
| 1997-98 | എൽ.എഫ്.ഐ.-7-725/99/20-04-2000 |
| 1998-99 | എൽ.എഫ്.ഐ.-7-437/01/03-11-2001 |
| 1999-2000 | എൽ.എഫ്.ഐ.-7-254/02/04-07-2002 |
| 2000-01 | എൽ.എഫ്.ഐ.-7-124/07/17-03-2003 |
| 2001-02 | എൽ.എഫ്.ഐ.-9-16/05/25-08-2005 |
| 2002-03 | എൽ.എഫ്.ഐ.-9-24/06/06-05-2006 |
| 2003-04 | എൽ.എഫ്.ഐ.-9-578/06/27-11-2006 |
| 2004-05 | എൽ.എഫ്.ഐ.-9-600/08/18-06-2008 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09/01-10-2009 |
| 2006-07 | എൽ.എഫ്.ഐ.-9-165/10/03-01-2011 |
| 2007-08 | എൽ.എഫ്.ഐ.-14-207/11/15-10-2011 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/06-08-2012 |
| 2009-10 | എൽ.എഫ്.ഐ.-14-1360/12/07-03-2013 |
| 2010-11 | എൽ.എഫ്.ഐ.-14-463/13/19-08-2013 |
| 2011-12 | എൽ.എഫ്.ഐ.-14-237/14/03-06-2014 |
| 2012-13 | എൽ.എഫ്.ഐ.-14-332/15/19.08.2015 |
| 2013-14 | എൽ.എഫ്.ഐ.-14/1295/2015/06.11.2015 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.14-645/2016.തി.1.6.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-14/1612/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
Ph: 04862-227332
E-mail-doidk.ksad@kerala.gov.in
തീയതി: 26.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-14/1612/2016

Kerala State Audit Department
District Audit Office,
Idukki, Thodupuzha
Ph:04862-227332
E-mail-doidk.ksad@kerala.gov.in
Dated:26.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of MUNNAR Grama Panchayat in Idukki District for the year ended on 31.03.2016 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of MUNNAR Grama Panchayat for the year 2015-16, except the observations in my audit report, properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI